**പതിമൂന്നാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 6766** — **12-07-2012 - ൽ മറുപടിക്ക്**

**അക്ഷയ കേന്ദ്രങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി. വി. രാജേഷ്:** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| എ) അക്ഷയ കേന്ദ്ര ങ്ങൾ വഴി ജനങ്ങൾക്ക് എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നത് ; | (എ) ആധാർ പദ്ധതി, എസ്സ്.സി/ എസ്സ്.ടി/ഒ.ബി.സി/ഒ.ഇ.സി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ ഗ്രാൻഡ് നൽകുന്നതിനായി ഓൺലൈൻ രജിസ്ട്രേഷൻ/പുതുക്കൽ, ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന 5 സെന്റിന് താഴെ ഭൂമിയുള്ള 2,30,000 കുടുംബങ്ങൾക്ക് ആം ആദ്മി ബീമാ യോജന (ആബി) പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള രജിസ്ട്രേഷൻ, വിദേശത്ത് ജോലി ചെയ്യുന്ന/വിദേശത്ത് 2 വർഷമെങ്കിലും ജോലി ചെയ്ത കേരളീയർക്ക് പ്രതിമാസ, ത്രൈമാസ, അർദ്ധ വാർഷിക, വാർഷിക തവണകളായി അംശാദായം അടയ്ക്കുവാനുള്ള സൗകര്യം, റവന്യൂ വകുപ്പിന്റെ കീഴിലുള്ള 23 സർട്ടിഫിക്കറ്റുകൾ, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയുടെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടേയും അംഗത്വ രജിസ്ട്രേഷനും സ്മാർട്ട് കാർഡ് പുതുക്കൽ, ഇലക്ട്രിസിറ്റി, ടെലിഫോൺ, വാട്ടർ അതോറിറ്റി ബില്ലുകൾ ഉപഭോക്താവിന് സമയനഷ്ടം കൂടാതെ അടയ്ക്കുവാനുള്ള ഇ-പേ സൗകര്യം, പുതിയ റേഷൻ കാർഡിനും റേഷൻ കാർഡിൽ തിരുത്തൽ വരുത്തുന്നതിനും ഉള്ള അപേക്ഷ, വാറ്റ്റിട്ടേൺസ്, റെയിൽവേ ടിക്കറ്റുകൾ, മണൽ പാസ്, പ്രാഥമിക കമ്പ്യൂട്ടർ പരിശീലനവും കുടുംബശ്രീയുടെ ശ്രീ ശക്തി പോർട്ടലിന്റെ ഉപയോഗം സംബന്ധിച്ച് പരിശീലനം, കേരള എൻജിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡുകൾ അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ഡൗൺലോഡ് ചെയ്യൽ, മലയാളം കമ്പ്യൂട്ടിംഗ്, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.സി.എ, എം.കോം തുടങ്ങിയ മാസ്റ്റർ ബിരുദ കോഴ്സുകൾ, ബി.സി.എ, ബി.കോം തുടങ്ങിയ ബിരുദ കോഴ്സുകൾ, സി.എൽ.പി, സി.ഐ.ടി തുടങ്ങിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ, കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഡൊയാക്, സി-ഡിറ്റ് എന്നീ സ്ഥാപനങ്ങളുടെ കോഴ്സുകൾ, 10 മുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള ഇന്ററാക്ടീവ് പഠന പദ്ധതിയായ ഇന്റൽ ലേൺ, കാഴ്ച വൈകല്യമുള്ളവർക്ക് വേണ്ടി പ്രത്യേക ഡിസൈൻ ചെയ്ത കമ്പ്യൂട്ടർ പഠന പദ്ധതിയായ ഇൻസൈറ്റ്, കമ്പ്യൂട്ടർ സാക്ഷരത നേടിയ ആളുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ നൽകുന്ന തുടർപഠന പദ്ധതിയായ ഇ-വിദ്യ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ഡിഗ്രി കോഴ്സിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഓപ്ഷൻ നൽകുന്നതിനുമുള്ള സൗകര്യം, തൊഴിലാളികളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനും അസംഘടിത തൊഴിലാളികളുടെ വിവരശേഖരം സാധ്യമാക്കുന്നതിനുമായി |

കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന ഐ.ടിമിഷൻ അക്ഷയ വഴി നടപ്പിലാക്കിയ പുതിയ പദ്ധതിയായ ഗ്രാമീണ ലേബർ പോർട്ടൽ അഥവാ ലേബർ ബാങ്ക് എന്നീ സേവനങ്ങൾ അക്ഷയ വഴി നടപ്പിലാക്കുന്നു.

| | |
|---|---|
| (ബി) അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന സേവനങ്ങൾക്ക് കുറഞ്ഞ വേതനം മാത്രമേ ലഭിക്കുന്നുള്ള എന്നതിനാൽ പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) അക്ഷയ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കുന്നതിനും കേന്ദ്രങ്ങളുടെ സേവനം ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) വിവിധ തരത്തിലുള്ള ജി2സി, ബി2സി സേവനങ്ങൾ ജനങ്ങളുടെ കൈയെത്തും ദൂരത്തിൽ ലഭിക്കത്തക്ക തരത്തിൽ അക്ഷയ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ദേശീയ ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി ഇ-ഡിസ്ട്രിക്ട് നടപ്പിലാക്കി വരുന്നു. ഇപ്പോൾ കേരളത്തിൽ കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന ഇ-ജില്ലാ പദ്ധതി കേരളത്തിലെ മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇ-ജില്ലാ പദ്ധതിയിലൂടെ ഇപ്പോൾ റവന്യൂ വകുപ്പിന്റെ കീഴിലുള്ള 23 സർട്ടിഫിക്കറ്റുകൾ അക്ഷയകേന്ദ്രങ്ങൾ വഴി നൽകുന്നുണ്ട്. ഭാവിയിൽ റവന്യൂ വകുപ്പ് കൂടാതെ സിവിൽ സപ്ലൈസ്, കൃഷി, പോലീസ്, ഇലക്ഷൻ, ഗതാഗതം, പാസ്പോർട്ട്, തദ്ദേശ സ്വയംഭരണം, എന്നീ വകുപ്പുകളുടെ സേവനങ്ങളും ഇ-ജില്ലാ പദ്ധതിയിലൂടെ ജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ